## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ

03.03.2020

സമർപ്പണം :

ജില്ലാ കളക്ടർ, കോഴിക്കോട്

# കോഴിക്കോട് ഇൻഡോ ഷാർജ അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ




SIA UNIT

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ

സോഷ്യൽ സർവ്വീസ് സെന്റർ

കോളേജ് പി.ഒ., കോതമംഗലം - 686 666

ഫോൺ : 9446510628

www.ysso.net, email: ysso95@gmail.com

# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ

## കോഴിക്കോട് ഇൻഡോ ഷാർജ അന്താരാഷ്ട്ര അന്തർദ്ദേശീയ

## കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ

ജില്ല : കോഴിക്കോട്

താലൂക്ക് : കോഴിക്കോട്

വില്ലേജ് : ഒളവണ്ണ

**സമർപ്പണം**

**ജില്ലാ കളക്ടർ, കോഴിക്കോട്**

**ഡയറക്ടർ, സാംസ്കാരിക (സി) വകുപ്പ്, തിരുവനന്തപുരം**

**സ്പെഷ്യൽ തഹസിൽദാർ, (എൽ.എ.)കോഴിക്കോട്**

**SIA UNIT**

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ
സോഷ്യൽ സർവ്വീസ് സെന്റർ
കോളേജ് പി.ഒ.
കോതമംഗലം – 686 666
ഫോൺ : 0485 2971222, 9446510628
email: ysso95@gmail.com

# ഉള്ളടക്കം


| | |
|---|---|
| അദ്ധ്യായം 1 | പഠനത്തിന്റെ സംക്ഷിപ്ത രൂപം |
| അദ്ധ്യായം 2 | പദ്ധതിയുടെ വിശദ വിവരങ്ങൾ |
| അദ്ധ്യായം 3 | പഠനസംഘം, പഠനസമീപനം, പദ്ധതി ശാസ്ത്രം |
| അദ്ധ്യായം 4 | സ്ഥലത്തിന്റെ മൂല്യനിർണയം |
| അദ്ധ്യായം 5 | കണക്കാക്കലും ഗണനവും |
| അദ്ധ്യായം 6 | സാമൂഹ്യ സാമ്പത്തിക രൂപരേഖ |
| അദ്ധ്യായം 7 | സാമൂഹ്യാഘാതത്തിന്റെ നിർവ്വഹണം |
| അദ്ധ്യായം 8 | സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം |
| അദ്ധ്യായം 9 | സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ബഡ്ജറ്റ് |
| അദ്ധ്യായം 10 | സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും |
| അദ്ധ്യായം 11 | നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥനം, ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം |
| | സംഗ്രഹം |

## അദ്ധ്യായം 1

# പഠനത്തിന്റെ സംക്ഷിപ്ത രൂപം

### 1.1 ആമുഖം : പദ്ധതിയും ലക്ഷ്യങ്ങളും

കോഴിക്കോട് ജില്ലയിലെ ഇൻഡോ ഷാർജ അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ നിർമ്മാണത്തിനായി ഭൂമി വിട്ട് നൽകുന്നവർക്കുണ്ടാകുന്ന സാമൂഹികാഘാതത്തെക്കുറിച്ചുള്ള പഠന മാണ് ഈ റിപ്പോർട്ടിലുള്ളത്.

1957 ജനുവരി 1-നാണ് കോഴിക്കോട് ജില്ല നിലവിൽ വന്നത്. 28, 79, 131 ച. കിലോമീറ്റർ വിസ്തൃതിയുള്ള ജില്ലയിൽ വടകര, കൊയിലാണ്ടി, താമരശ്ശേരി, കോഴിക്കോട് എന്നിങ്ങനെ 4 താലൂക്കുകൾ ഉണ്ട്. കേരളത്തിലെ പട്ടണങ്ങളിൽ വലിപ്പത്തിന്റെ കാര്യത്തിൽ കോഴിക്കോട് മൂന്നാം സ്ഥാനത്ത് നിൽക്കുന്നു. കോട്ടയാൽ ചുറ്റപ്പെട്ട കോയിൽക്കോട്ടയാണ് പിന്നീട് കോഴിക്കോടായത് എന്ന് കരുതപ്പെടുന്നു. അറബികൾ ഈ നഗരത്തെ കാലിക്കുത്ത് എന്നും ചൈനക്കാർ കലിഫോ എന്നും യൂറോപ്യൻമാർ കാലിക്കറ്റ് എന്നും വിളിച്ചു. അറബികളും തുർക്കികളും ഈജിപ്തുകാരും ചൈനക്കാരും തുടങ്ങിയ വിദേശീയർ ഇവിടെ വ്യാപാരം നടത്തിയിരുന്നു. സാമൂതിരിയാണ് ഏറേക്കാലം കോഴിക്കോട് ഭരിച്ചിരുന്നത്.

മത സൗഹാർദ്ദവും സാഹോദര്യവും കൊണ്ട് സമ്പന്നമായ ഒരു പാരമ്പര്യമാണ് കോഴിക്കോടിനുള്ളത്. കോഴിക്കോട് നഗരത്തിന്റെ ഐശ്വര്യത്തിനു കാരണം അറബികൾ ആണ് എന്നൊരു വിശ്വാസം ഉണ്ട്. മികച്ച തുറമുഖം എന്ന നിലയിൽ നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ പേരെടുത്തിരുന്ന ഈ ചെറുപട്ടണത്തിലേക്ക് വിദേശ സഞ്ചാരികൾ വന്നെത്തുകയുണ്ടായി. പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ചൈനിസ് സഞ്ചാരികൾ കോഴിക്കോട് വന്നെത്തിയതിന് തെളിവുകളുണ്ട്. 1498-ൽ പോർച്ചുഗീസ് നാവികനായ വാസ്കോഡഗാമ പട്ടണത്തിൽ നിന്ന് 25 കിലോമീറ്റർ അകലെയുള്ള കാപ്പാട് കടൽത്തീരത്ത് കപ്പലിറങ്ങിയതോടെ കോഴിക്കോട് ലോകചരിത്രത്തിൽ സ്ഥാനം നേടി. പുരാതനകാലത്തും മധ്യകാലഘട്ടത്തിലും ഇന്ത്യൻ സുഗന്ധവ്യജ്ഞനങ്ങളുടെ പ്രധാന വ്യാപാര കേന്ദ്രമെന്ന നിലയിൽ കോഴിക്കോട് നഗരത്തെ സുഗന്ധവ്യഞ്ജന നഗരം എന്ന് വിളിച്ചിരുന്നു. താമസസ്ഥലം, വരുമാനം, നിക്ഷേപം എന്നിവയെക്കുറിച്ച് സാമ്പത്തിക ഗവേഷണ സ്ഥാപനമായ ഇൻഡിക്കസ് അരലിറ്റിക്സ് 2009-ൽ സമാഹരിച്ച വിവരമനുസരിച്ച് ഇന്ത്യയിലെ രണ്ടാമത്തെ മികച്ച നഗരമായി കോഴിക്കോട് സ്ഥാനം നേടി. ഇന്ത്യയും യുഎയിയുമായി ചരിത്രപരമായ ബന്ധമുണ്ട്; മുപ്പത് ലക്ഷത്തോളം ഇന്ത്യാക്കാർ ഗൾഫ് രാഷ്ട്രങ്ങളിൽ വസിക്കുന്നു. വിദേശ സാമ്പ

ത്തിക വരവിന്റെ, പ്രത്യേകിച്ച് ഗൾഫ് മലയാളികളുടെ, ഏറ്റവും വലിയ പ്രായോജിക സംസ്ഥാനമായ കേരളത്തിൽ, ഈ നിണ്ട ബന്ധത്തിന്റെ സാംസ്ക്കാരിക സ്വാധീനം സുവ്യക്തമാണ്.

ഷാർജയുടെ ഭരണാധികാരിയായ ശ്രേഷ്ഠഷേയ്ക്ക് സുൽത്താൻ ബിൻ മുഹമ്മദ് അൽ-ക്വാസിമിയുടെ സമീപകാലത്തെ സന്ദർശനമാണ്, കേരളത്തിന്റെ സ്വന്തം സാംസ്ക്കാരിക കേന്ദ്രമായ കോഴിക്കോട് ഇൻഡോ-ഷാർജ സാംസ്ക്കാരിക കേന്ദ്രം തുടങ്ങുന്നതിനുള്ള ആശയത്തിന് വിത്ത് പാകിയത്.ഇരുരാജ്യങ്ങളുടേയും ചരിത്രത്തിന്റെ ഒരു കലവറയായി വർത്തിക്കുന്നതോടൊപ്പം ഷാർജയുടെ സംസ്ക്കാരം, പാരമ്പര്യം, ഭാഷ, കല, ഭക്ഷണം, വിനോദം, സാമൂഹ്യ യാഥാർത്ഥ്യങ്ങൾ എന്നിവ ആസ്വദിക്കുവാനുള്ള ഒരു ആധുനികവും ചടുലവുമായ ഇടമായും ഈ കേന്ദ്രം നിലകൊള്ളും. കേരളവും ഷാർജയും തമ്മിലുള്ള സംയുക്ത ഗവേഷണത്തിന്റേയും സാംസ്ക്കാരിക വിനിയമത്തിന്റേയും ഒരു കവാടമായും ഈ കേന്ദ്രം വർത്തിക്കും. ഈ സാംസ്ക്കാരിക കേന്ദ്രം മുഖേന അറിവും വിജ്ഞാനവും പങ്കുവച്ച് കേരളത്തിലേയും ഷാർജയിലേയും സർവ്വകലാശാലകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാഗൽഭ്യം നേടുവാനും സാധിക്കും.

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിലെ ഒളവണ്ണ വില്ലേജിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. ഒളവണ്ണപഞ്ചായത്തിന്റെ പരിധിയിലാണ് പദ്ധതി വരുന്നത്.കോഴിക്കോട് സിറ്റിയിൽ നിന്ന് 6 കിലോമീറ്റർ അകലെയാണ്ഒളവണ്ണ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ഒളവണ്ണ പഞ്ചായത്ത്, കോഴിക്കോട് കോർപ്പറേഷനും പെരുമാമ പഞ്ചായത്തും അതിർത്തി പങ്കിടുന്നു. വളമുള്ള മണ്ണ് എന്ന ആഴത്തിലാണ് ഒളവണ്ണ എന്ന പേരുണ്ടായതെന്ന് പഴമക്കാർ പറയുന്നു. ഒളവണ്ണ പഞ്ചായത്തിന് ശക്തമായ ഒരു സാംസ്കാരിക പാരമ്പര്യമുണ്ട്. സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിലും അതിനുമുമ്പും വായനശാലകൾ വഹിച്ച പങ്ക് നിസ്സീമമാണ്. ഒളവണ്ണ, പന്തീരാങ്കാവ് എന്നീ 2 വില്ലേജുകൾ ഉൾക്കൊള്ളുന്ന ഒളവണ്ണ ഗ്രാമപഞ്ചായത്ത് ഒരു കാലത്ത് സമ്പൂർണ്ണ കാർഷിക ഗ്രാമമായിരുന്നു. കുന്നുകളും താഴ്വരകളും, സമതലങ്ങളും, വയലുകളും ഇടകലർന്ന പ്രകൃതി രമണീയമായ പ്രദേശമാണ്. ചാലിയാറും ചെറുപുഴയും പഞ്ചായത്തിന്റെ അതിർത്തിയിലൂടെ ഒഴുകുന്നു. അറബിക്കടലിൽ നിന്നും കേവലം 6 കി.മീ. മാത്രം ദൂരത്ത് സ്ഥിതി ചെയ്യുന്ന ഒളവണ്ണ പഞ്ചായത്തിന് സമുദ്രനിരപ്പിൽ നിന്നുള്ള കുറഞ്ഞ ഉയരം 2.5 മീ കൂടിയ ഉയരം 49 മീറ്ററാണ്. പഞ്ചായത്തിന്റെ 61% കുന്നിൻപ്രദേശവും, 32% വയലും, 1% പുറമ്പോക്കും 2% ചതുപ്പുനിലങ്ങളും ബാക്കി പുഴയും തോടുമാണ്. ജനസാന്ദ്രതയേറിയ പ്രദേശമായതിനാൽ ഒളവണ്ണയിലെ വികസന ആവശ്യങ്ങൾ വൈവിധ്യമാർന്നതും വിപുലവുമാണ്. മലബാറിന്റെ സാംസ്കാരിക സിരാകേന്ദ്രമായ കോഴിക്കോട് നഗരത്തോട് ചേർന്നു കിടക്കുന്ന പ്രദേശമാണ് ഒളവണ്ണ. സാമൂതിരി

രാജാക്കന്മാരുടെയും തുടർന്നുവന്ന ബ്രിട്ടീഷ് ഭരണാധികാരികളുടെയും കാഴ്ചപ്പാടുകൾ, ഈ പ്രദേശത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെ സ്വാധീനിച്ചിട്ടുണ്ട്.

## പദ്ധതിയുടെ പ്രാധാന്യം

ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി, കേരളത്തിൽ ഒരു സംസ്ക്കാരം രൂപം കൊള്ളുന്നതിന് അറബിക്കടലിന്റെ പങ്ക് സജീവമാണ്. പുരാതന കാലം മുതൽ ഈ വർത്തമാനകാലം വരെ അന്തർദേശീയ സമൂഹം അറബിക്കടലിൽ ഇടപെട്ടതുമായി ബന്ധപ്പെട്ട രേഖകൾ ഈ സാംസ്ക്കാരിക കേന്ദ്രത്തിൽ സൂക്ഷിക്കേണ്ടതാണ്. പുരാരേഖകൾ ഇൻഡ്യക്കുള്ളിലും വിദേശത്തും ഉള്ള സ്ഥാപനങ്ങളുമായി ഇന്റർനെറ്റും മുഖേനയും അല്ലാതെയും പങ്ക് വയ്ക്കേണ്ടതും ഇതിൽപ്പെടുന്നു. ഇൻഡ്യയും മറ്റ് ഏഷ്യൻ രാജ്യങ്ങളേയും സംബന്ധിച്ച രേഖകളുടെ ഒരു നല്ല ശേഖരണം ഷാർജ രാജ്യം സൂക്ഷിക്കുന്നുണ്ട്. ഇൻഡ്യയും ഷാർജയും തമ്മിലുള്ള അടുപ്പം ദൃഢപ്പെടുത്തുവാൻ സഹായിക്കുന്ന ഇത്തരം രേഖകളുടെ സംരക്ഷണവും പ്രസിദ്ധീകരണവും ഈ കേന്ദ്രത്തിലൂടെ പ്രോത്സാഹിക്കപ്പെടേണ്ടതാണ്.ഫോട്ടോകൾ, രേഖകൾ, പ്രസിദ്ധീകരണങ്ങൾ, നിർമ്മിതികൾ, സാഹിത്യം എന്നിവകളിലൂടെ ഇരുരാജ്യങ്ങളുടേയും ചരിത്രപ്രാധാന്യമുള്ള ഘടകങ്ങൾ കാലാനുക്രമമായി വിവരിക്കുന്ന ഒരു പുരാവൃത്തത്തിന്റെ ആധുനിക സംരക്ഷണാലയം എന്നതാണ് ഭാവനയിലുള്ള ആശയം.

ലോകത്തിലെ വ്യത്യസ്ത രാജ്യങ്ങൾക്കിടയിൽ സഹകരണം വളർത്തിയെടുക്കുന്ന സുപ്രധാന പങ്കാണ് ചരിത്രരേഖകൾ വഹിക്കുന്നത്. ഇതിഹാസങ്ങളിലെ ജനങ്ങളുടെ ഇടയിലെ ചരിത്ര ബന്ധങ്ങളെ പ്രതിനിധീകരിക്കുന്ന രേഖകളും കലാരൂപങ്ങളും സംരക്ഷിക്കുന്നതിലൂടെയാണ് ഈ ധർമ്മം നിർവഹിക്കപ്പെടുന്നത്. ഇൻഡ്യയും ഗൾഫ്രാജ്യങ്ങളും തമ്മിലുള്ള സാംസ്ക്കാരിക സമ്പർക്കങ്ങൾ വെളിപ്പെടുത്തുന്ന രേഖകൾ അന്വേഷിച്ച് കണ്ടെത്തി, പരസ്പര സഹകരണം ബലപ്പെടുത്തുന്നതിനുവേണ്ടി സംരക്ഷിക്കപ്പെടണം.

## ചരിത്രരേഖാ സംഗ്രഹാലയത്തിന്റെ സ്വഭാവം

പുതിയ സാങ്കേതികവിദ്യയുടെ സ്വാധീനം മൂലം ആധുനികലോകത്ത് ചരിത്ര രേഖാലയത്തിന്റെ സ്വഭാവത്തിന് കാതലായ മാറ്റം സംഭവിച്ചിട്ടുണ്ട്. ഇന്റർനെറ്റും ഇ-പേയ്മെന്റും മുഖേന ലോകത്തെമ്പാടുമുള്ള സാധാരണക്കാർക്കും ഗവേഷണ വിദ്യാർത്ഥികൾക്കും സംഗ്രഹാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങൾ അറിയാൻ സാധിക്കുന്നു. സൂക്ഷിച്ചിരിക്കുന്ന രേഖകൾ കമ്പ്യൂട്ടർ ഭാഷയിലാക്കി, വെബ്സൈറ്റിലൂടെ പൊതുജനത്തിന് ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഇതിനുവേണ്ടി ലോകം മുഴുവനുമുള്ള ജനങ്ങൾക്ക് എളുപ്പം മനസ്സിലാക്കുവാൻ വേണ്ടി വിവിധ ഭാഷകളിലേക്ക് തർജ്ജിമ ചെയ്യേണ്ടിയിരിക്കുന്നു.

വിവരശേഖരണം ഒരു തുടർ പ്രവർത്തനമാണ്. സകലമാന രേഖകൾ, ചിത്രങ്ങൾ, ശബ്ദം, വസ്തുക്കൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം ഇതിൽ ഉൾപ്പെടുന്നു. കേരള ത്തിന്റെ മുഖഛായ മാറ്റുന്നതിനും ഭാവിയിൽ ഈ ബന്ധത്തെ കൂടുതൽ ഫലപ്രദമാക്കുന്ന തിനും, ഷാർജ - കേരളാ ബന്ധം വഹിക്കുന്ന ചരിത്രപരമായ പങ്ക് രേഖപ്പെടുത്തേണ്ടത് ആവശ്യമാണ്.

പടിഞ്ഞാറൻ തീരത്തുള്ള തുറമുഖങ്ങൾ, കെട്ടിടങ്ങൾ, കലാനിർമ്മിതികൾ, സംഗീതം, മത്സ്യബന്ധനവിദ്യകൾ, സമുദ്രയാത്രകൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കൃത ഭൂപട നിർമ്മാണം രേഖകൾ ശാസ്ത്രീയമായ രീതിയിൽ പ്രദർശിപ്പിക്കുവാൻ ആലയത്തിനെ സഹായിക്കും. സാംസ്ക്കാരിക കേന്ദ്രം പദ്ധതിയിടുന്ന മ്യൂസിയം തയ്യാറാക്കുവാനും ഈ രേഖകൾ സഹായകരമാകും.

രേഖാശേഖരണം, പരിപാലനം, സംരക്ഷണം, രേഖകളുടെ വിനിമയം എന്നിവയാണ് രേഖാലയത്തിന്റേയും രേഖാശാസ്ത്രജ്ഞരുടേയും അടിസ്ഥാന ധർമ്മങ്ങൾ. സംരക്ഷണ സ്ഥലം, രേഖകൾ ശരിയായി പരിപാലിക്കാനും ഉപയോഗിക്കാനുമായുള്ള അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം, സംഘടന, ഭരണ നിർവ്വഹണം നടത്താനുള്ള സംവിധാനം എന്നിവ കൂടിയാണ് രേഖാലയം കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു നല്ല രേഖാ പരിപാലന പദ്ധ തിയുടെ മൂലക്കല്ല് ഒരാധുനിക കെട്ടിടമാണ്. കേന്ദ്രത്തിന്റെ എല്ലാ സൗകര്യങ്ങളും അന്തർദേശീയ മാനദണ്ഡങ്ങൾക്കും ഭിന്നശേഷി സൗഹൃദവുമായിട്ടാണ് രൂപീകരിക്കുവാൻ തയ്യാറാകുന്നത്.

നിർദ്ദിഷ്ട പദ്ധതി അനിവാര്യമാണെന്നാണ് പൊതുജന അഭിപ്രായത്തിലൂടെയും, സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ വെളിവാക്കപ്പെടുന്നത്.നിർദ്ദിഷ്ട പദ്ധ തിക്കായി ഏറ്റെടുക്കേണ്ട ഭൂമിക്ക 2013-ലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

### 1.2 സ്ഥലം

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിൽ 30.35 ഏക്കർസ്ഥലമാണ് കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്നത്. ഒളവണ്ണ പഞ്ചായത്തിലെ 14-ാം വാർഡായ കൈമ്പാലം എന്ന പ്രദേശത്താണ് പദ്ധതിവരുന്നത്. പദ്ധതി ബാധിത പ്രദേശം എമ്മെൽ റിയലേറ്റേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, എൽ.എം. റിയല റ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മുത്തൂറ്റ് ബിൽടെക് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, എന്നീ 3കമ്പനിക ളുടെ ഉടമസ്ഥതയിലുള്ളതാണ്.

## 1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിൽ 30.35 ഏക്കർ സ്ഥലമാണ് കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്നത്. പദ്ധതി ബാധിത പ്രദേശം 3 കമ്പനികളുടെ ഉടമസ്ഥതയിലുള്ളതാണ്. ഒളവണ്ണ പഞ്ചായത്തിലെ 14–ാം വാർഡായ കൈമ്പാലം എന്ന പ്രദേശത്താണ് പദ്ധതി വരുന്നത്.

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പ്രസ്തുത പദ്ധതിക്കായി ഇതര മാർഗ്ഗങ്ങളോ, സ്ഥലമോ ഇതിനേക്കാൾ അനുയോജ്യമായവ കണ്ടെത്താനായില്ല.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങളും അവ ലഘൂകരിക്കുന്നതിനുള്ള നടപടികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വിശകലനം ചെയ്യുമ്പോൾ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതങ്ങൾ കൈകാര്യം ചെയ്യുവാൻ നിയമാനുസൃതമായ നഷ്ടപരിഹാര നടപടികൾ മതിയാകും.

| ക്രമ നമ്പർ | ഉണ്ടാകുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘുകരണ നടപടികൾ |
|---|---|---|---|
| 1. | മരങ്ങളുടെ നഷ്ടം | നഷ്ടപരിഹാരവും നിയന്ത്രണവും | മതിയായ നഷ്ടപരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 2. | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം |
| 3. | ശബ്ദം, അന്തരീക്ഷ മലിനീകരണം, ജലമലിനീകരണം, പൊടി എന്നിവ | നിയന്ത്രണം | പ്രത്യാഘാത ലഘുകരണ നടപടികൾ രൂപരേഖയിൽ ഉൾപ്പെടുത്തുക |
| 4. | ഭൂമി ഏറ്റെടുക്കലിലും നഷ്ടപരിഹാര വിതരണത്തിലും ഉണ്ടാകുന്ന കാലതാമസം | ശരിയായ മേൽനോട്ടവും നിയന്ത്രണവും | ഭൂമി ഏറ്റെടുക്കലിന് മുമ്പ് നഷ്ട പരിഹാരം വിതരണം ചെയ്യുക |

| | | | |
|---|---|---|---|
| 5 | ജല സ്രോതസുകളുടെ നഷ്ടം | നിയന്ത്രണം | നടപ്പാക്കൽ ഏജൻസി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂഗർഭ ജലപരി പോഷണം ഉറപ്പ് വരുത്തണം |
| 6 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 7. | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മിറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

## അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ജനകീയ ലക്ഷ്യങ്ങളും, ചിലവ് മുതലായവയും ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 2.2 പദ്ധതിയുടെ സ്ഥലം വലിപ്പം ലക്ഷ്യം ചെലവ് തുടങ്ങിയ വിവരങ്ങൾ

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിൽ 30.35 ഏക്കർസ്ഥലമാണ് കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്നത്. പദ്ധതി ബാധിത പ്രദേശം എമ്മെൽ റിയലേറ്റേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, എൽ.എം. റിയലറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മുത്തൂറ്റ് ബിൽടെക് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, എന്നീ 3കമ്പനികളുടെ ഉടമസ്ഥതയിലുള്ളതാണ്.

ഇൻഡോ-ഷാർജ അന്തർദേശീയ പുരാ രേഖാലയവും ഗവേഷണ കേന്ദ്രവും, ഇരു രാജ്യങ്ങളുടേയും പ്രധാനപ്പെട്ട ചരിത്രബന്ധങ്ങൾ കാലാനുക്രമമായി രേഖപ്പെടുത്തുന്ന ഒരു സംരക്ഷണാലയമാണ്. സംയുക്തപഠന പ്രവർത്തനങ്ങളും സാംസ്ക്കാരിക കൈമാറ്റങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻഡ്യയിലേയും ഷാർജയിലേയും വിദ്യാർത്ഥികൾക്ക് ഗവേഷണ വിശിഷ്ടാംഗത്വം നൽകേണ്ടത് കേന്ദ്രത്തിന്റെ വളർച്ചയ്ക്ക് ആവശ്യമാണ്. പഠനകേന്ദ്രം - അറബി ഭാഷാ - സാഹിത്യകേന്ദ്രം പാണ്ഡിത്യതല്പരും കൗതുകികളുമായവർക്ക് വേണ്ടിയുള്ള ഒരു ശേഖര സമൃദ്ധമായ പഠനകേന്ദ്രം എന്ന നിലയ്ക്ക്, അറബി ഭാഷയും സാഹിത്യവും പഠിക്കുന്നതും തനതായ അറബി കലാരൂപങ്ങളായ് കൈയ്യക്ഷരകല എന്നിവ ആസ്വദിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് പുറമെ, ഇരു രാജ്യങ്ങളിലുമുള്ള സർവ്വകലാശാലകളും പുരാതന വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിൽ പഠന പരിപാടികൾ കൈമാറ്റം ചെയ്യുന്നത് ഉത്സാഹപ്പെടുത്തുകയും ചെയ്യുന്നത് ഈ കേന്ദ്രത്തിന്റെ ലക്ഷ്യമാണ്.

കൂടാതെ, പൗരന്മാർക്കിടയിൽ തീവ്രമായ സാംസ്ക്കാരിക അവബോധം വളർത്തുവാൻ വിദ്യാഭ്യാസ വിദഗ്ദ്ധർക്കും പൊതുജനങ്ങൾക്കും വേണ്ടി, സാംസ്ക്കാരിക സമ്പന്നത വർദ്ധിപ്പിക്കുന്ന വാർഷിക മേളകൾ വിഭാവനം ചെയ്ത്, സംഘടിപ്പിച്ച്, പ്രോത്സാഹിപ്പിക്കുന്ന

താണ്.സാമൂഹ്യ- സാംസ്ക്കാരിക - സാമ്പത്തിക കാരണങ്ങളാൽ, അറബി സാഹിത്യം അന്തർദേശീയ തലത്തിൽ വർദ്ധിത പ്രസക്തി ആർജ്ജിച്ചുവരികയാണ്. അറബിപഠനങ്ങൾക്ക് ആഗോള ലഭ്യത നൽകുന്നതിനും സർവ്വകലാശാലകളെ ഉയർന്ന തലത്തിൽ ഗവേഷണ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആധുനിക അധ്യാപന വിദ്യകൾ സ്വായത്തമാക്കുന്നതിനും, ഈ സാംസ്ക്കാരികകേന്ദ്രത്തിന് ഒരു അത്യന്താധുനിക കേന്ദ്രമായി പ്രവർത്തിക്കുവാൻ കഴിയും.

ഗൾഫ് രാജ്യങ്ങളും ഇൻഡ്യയും തമ്മിൽ സാംസ്ക്കാരിക വിനിമയം ശക്തിപ്പെടുത്തുവാൻ ഇൻഡ്യൻ സാഹിത്യം അറബിയിലേക്ക് തർജ്ജിമ ചെയ്യുവാൻ ഈ കേന്ദ്രത്തിലൂടെ സാധിക്കും. മുൻകാലങ്ങളിൽ വിജ്ഞാനസമ്പാദനം ഒരു പ്രധാനപ്പെട്ട പ്രവർത്തനമായിരുന്നതിനാൽ ഇൻഡ്യാപഠനത്തിൽ അറബികൾ അതീവ താല്പര്യം കാണിച്ചിരുന്നു. കല, സാഹിത്യം, ശാസ്ത്രം, സാങ്കേതിക വിദ്യ എന്നീ മേഖലകളിൽ ഇൻഡ്യ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ആയുർവേദ ചികിത്സ ഉൾപ്പെടെ വിവിധ രംഗങ്ങളിൽ വിവിധ ഭാഷകളിൽ വിലമതിക്കാനാവാത്ത സ്വത്ത് ഇൻഡ്യ സ്വായത്തമാക്കിയിട്ടുണ്ട്. ഇവ അറബിയിലേക്ക് മൊഴിമാറ്റം ചെയ്താൽ, അത് ഇൻഡ്യയും അറബിലോകവുമായുള്ള വിദ്യാഭ്യാസ പങ്കാളിത്തവും സാംസ്ക്കാരിക സഹകരണവും പ്രോത്സാഹിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

## 2.3 അടിസ്ഥാന സൗകര്യങ്ങൾ

- പദ്ധതി രൂപീകരണം, നിയന്ത്രണം, രേഖാസംരക്ഷണം, പൂർണ്ണഉപയോഗം എന്നിവയ്ക്ക് വേണ്ടിയുള്ള ഒരു വിപുലമായ കാര്യപരിപാടി രൂപപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഭരണകാര്യ ഉദ്യോഗസ്ഥർ, പ്രധാന ഉദ്യോഗസ്ഥന്റെ ഓഫീസ്, കീഴ് ഉദ്യോഗസ്ഥരുടെ സ്ഥലം എന്നിവ അടങ്ങിയ പ്രധാന ഓഫീസ്, ആവശ്യമാണ്.

- രേഖകൾ സംരക്ഷണാലയത്തിലേക്ക് മാറ്റുന്നതിന് മുമ്പുള്ള ശരിയായ ഒത്തുനോക്കൽ, വൃത്തിയാക്കൽ, കീടനശീകരണം, പുതിയ രേഖകൾ താല്ക്കാലികമായി സൂക്ഷിക്കാനും മുറികൾ ആവശ്യമാണ്.

- രേഖകളുടെ ചിട്ടയായ പരിപാലനവും സൂക്ഷിക്കലും വളരെ പ്രധാനപ്പെട്ടതാണ്. ഒരാധുനിക രേഖാലയത്തിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കണമെങ്കിൽ, ആവശ്യത്തിന് സ്ഥലസൗകര്യമുള്ള ഒരു സംഗ്രാലയം അത്യാവശ്യമാണ്.

- ഒരു പുരാരേഖഗ്രന്ഥശാല സാധാരണ ഗ്രന്ഥശാലയിൽ നിന്നും വിഭിന്നമാണ്. ഇൻഡ്യയും ഗൾഫ് രാജ്യങ്ങളും തമ്മിലുള്ള സാംസ്ക്കാരിക ബന്ധം വിവരിക്കുന്ന വളരെ അപൂർവ്വമായ കൈയെഴുത്ത് പ്രതികളും പുസ്തകങ്ങളുമാണ് സൂക്ഷിക്കുന്നത്.

ആദിമ രേഖകൾ ജീർണ്ണിക്കുകയോ നശിക്കുകയോ ചെയ്യുന്നത് തടയാൻ ഇവക ളുടെ കമ്പ്യൂട്ടർ രൂപങ്ങൾ തയ്യാറാക്കേണ്ടിയിരിക്കുന്നു.

- ❖ ഗവേഷണത്തിനും സംശയനിവാരണ പഠനത്തിനും തല്പരരായ ആളുകൾക്കെല്ലാം ഉപയോഗിക്കാൻ മതിയായ ഒരു വിശാലമായ സ്ഥലം രൂപപ്പെടുത്തേണ്ടതായിട്ടുണ്ട്. ഓരോ മേശയിലും കമ്പ്യൂട്ടർ വയ്ക്കുവാനും, പ്രകാശസംവിധാനവും, പുസ്തകാന്വേ ഷണവും അടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

- ❖ പുരാരേഖാലയം രാഷ്ട്രത്തിന്റേയും സമൂഹത്തിന്റേയും ഓർമ്മശക്തീകേന്ദ്രമാണ്. സുരക്ഷിത സൂക്ഷിപ്പിനായി അർപ്പിച്ചിരിക്കുന്ന രേഖകൾ ധാരാളം വെല്ലുവിളികൾ നേരി ടാറുണ്ട്. പഠിതാകൾക്കും മറ്റുള്ളവർക്കും രേഖകളുടെ പകർപ്പുകൾ നൽകുന്നതിന് ഒരു മുറി ആവശ്യമാണ്. ആവശ്യമായ എല്ലാ പകർപ്പെടുക്കൽ യന്ത്രങ്ങളും പ്രവർത്തി ക്കാനുള്ള സ്ഥലസൗകര്യം ഉണ്ടായിരിക്കണം.

- ❖ പൊതുജന ബോധവൽക്കരണവും പിന്തുണയും പുരാരേഖ സംരക്ഷണത്തിനാവശ്യ മാകയാൽ, പ്രദർശനങ്ങൾ, സെമിനാർ, വിദൂരപരിപാടികൾ എന്നിവയിലൂടെ അവ നട ത്താവുന്നതാണ്. പ്രസംഗങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവയിലൂടെ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം വിശദമാക്കി പൊതുജനങ്ങളുമായി അടുക്കുവാനും കഴിയും.

- ❖ എല്ലാ വിഭാഗം ജനങ്ങളിലും പുരാരേഖ അവബോധം വളർത്തുവാൻ, മതിയായ വിവര ങ്ങളോടുകൂടിയ രേഖകളുടെ പ്രദർശനം ആവശ്യമാണ്.

- ❖ കേരളത്തെ സംബന്ധിക്കുന്ന ഒട്ടനവധി രേഖകൾ സംസ്ഥാനത്തിന് വെളിയിലും വിദേശ രാജ്യങ്ങളിലും ഉണ്ട്. ഇവയുടെ കമ്പ്യൂട്ടർ പകർപ്പുകൾ ശേഖരിച്ച് ശരിയായി സൂക്ഷിക്കുകയാണെങ്കിൽ അവ വിദ്യാർത്ഥികൾക്കും, ഗവേഷകർക്കും വിദ്യാഭ്യാസ വിദ ഗ്ദ്ധർക്കും ഉപകാരപ്രദമായിരിക്കും. ആയതിനാൽ എല്ലാ ഉപകരണങ്ങളോടും കൂടിയ ഒരു ആധുനിക കമ്പ്യൂട്ടർ വിഭാഗം ആവശ്യമാണ്.

- ❖ ഇരിക്കുവാനും വായിക്കുവാനും ബാഹ്യശല്യങ്ങളൊന്നുമില്ലാതെ, സുഖകരമായ അന്ത രീക്ഷത്തിൽ തങ്ങളുടെ പഠനം നടത്തുവാൻ ഗവേഷണ വിദ്യാർത്ഥികൾക്ക് ഒരു വിശാല മായ മുറി ഏതൊരു ആധുനിക രേഖാലയത്തിലും ആവശ്യമാണ്. ശീതീകരണ സൗക ര്യവും കമ്പ്യൂട്ടറും ഇന്റർനെറ്റും ഇതിന് ആവശ്യമാണ്.

- ❖ ഉപരിപഠന കേന്ദ്രത്തിൽ പഠിപ്പിക്കുവാനും സാംസ്കാരികേന്ദ്രത്തിൽ പഠനങ്ങൾ നട ത്തുവാനുമായി നിയമിച്ചിരിക്കുന്ന അധ്യാപകർക്കും,സന്ദർശകർക്ക് കാത്തിരിക്കു

വാനും വിശ്രമിക്കാനും മറ്റു സമയങ്ങളിൽ വായിക്കുവാനും ഗവേഷണം ചെയ്യുവാനും മുറി ആവശ്യമാണ്.

- ❖ അന്തർ ദേശീയ രേഖാലയത്തിന്റെ പരിസര പ്രദേശത്ത് ശുചിമുറികൾ, പാർക്കിങ്ങ് സൗകര്യങ്ങൾ, കാർപോർച്ചുകൾ, പൂന്തോട്ടം, ജനറേറ്റർമുറി, കാവൽപ്പുര, ചുറ്റുമതിൽ എന്നിവ ആവശ്യമാണ്.

## 2.4 പദ്ധതിനിർമ്മാണ ഘട്ടങ്ങൾ

പദ്ധതി പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

## 2.6 പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

ഭൂമി ഏറ്റെടുക്കുന്നതും ലക്ഷ്യം വയ്ക്കുന്നതും സാമൂഹ്യ പ്രത്യാഘാത പഠനത്തിന് വിധേയമാകുന്നതുമായ കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, പദ്ധതി കേരളത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വയ്ക്കുന്നതാണ്.

## 2.7 പരിസ്ഥിതി ആഘാത വിലയിരുത്തൽ

പൊതുജന ഉപയോഗത്തിനായുള്ള കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, പദ്ധതി ആയതിനാൽ സാധാരണ വികസന പ്രവർത്തനത്തിനായുള്ള ചെറിയ പാരിസ്ഥിതികാഘാതത്തെ അപേക്ഷിച്ച് കൂടുതൽ, സ്വീകാര്യമായ മഹനിയത ലഭിക്കുമെന്ന് തോന്നുന്നു.

## 2.8 പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനഃസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിയമങ്ങളും ചട്ടങ്ങളും ബാധകമാകുന്നതാണ്.

| ക്രമ നമ്പർ | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |

| | | |
|---|---|---|
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നിയമം<br>2005 ലെ വിവരാവകാശ നിയമം<br>വൈകല്യങ്ങളുള്ള വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച 2016ലെ ആക്ട് | ഭൂമി ഏറ്റെടുക്കൽ പുനരധിവാസവും പുനസ്ഥാപനവും |

## വിവരാവകാശ നിയമം 2005

പൗരന്മാരെ ശാക്തീകരിക്കുക, ഭരണത്തിൽ സുതാര്യതയും, ഉത്തരവാദിത്വവും ഉറപ്പാക്കുക, അഴിമതികൾ തടയുക എന്നിവയിലൂടെ ജനാധിപത്യ പ്രക്രിയ കൂടുതൽ ശക്തവും ജനകേന്ദ്രീകൃതവും ആക്കുന്നതിനു വേണ്ടിയാണ് 2005 ൽ വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നത്. ജനാധിപത്യ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വിവരങ്ങൾ അറിവുള്ള ഒരു പൗരസമൂഹം അത്യന്താപേക്ഷിതമാണ്. പൗരന്മാർക്ക് സർക്കാരുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ ഒരു നിയമമാണിത്.

## വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമം 2016

വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച 2016 ലെ നിയമം, ഇത്തരം വ്യക്തികളെ സാമൂഹ്യമായും, സാമ്പത്തികമായും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിൽ വന്നത്. വൈകല്യമുള്ളവരുടെ സമത്വവും, പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക എന്നത് ഒരു വശത്തും, മറുവശത്ത് വിവേചനങ്ങളെ നിയമം മൂലം ഇല്ലായ്മ ചെയ്യുക എന്നതും ഈ ആക്ടിന്റെ പ്രത്യേകത ആണ്.

## അദ്ധ്യായം 3

# പഠനസംഘം പഠന സമീപനം പദ്ധതി ശാസ്ത്രം

### 3.1 പശ്ചാത്തലം

കേരളാ ഗസറ്റ് വിജ്ഞാപനം G.O(P)No.19/2020/RD, തീയതി 24/02/2020 പ്രകാരം കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ പദ്ധതിയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുത്തത് മൂലം ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ നിയോഗിച്ചു.

ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ ഫലമായി ഭൂമി, നിർമ്മിതികൾ, ആഘാത ബാധിതരായ വ്യക്തികൾ, പൊതു-സ്വകാര്യസ്വത്ത് വകകൾ എന്നിവക്കുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കി ജില്ലാകളക്ടർക്ക് സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പഠന പ്രക്രിയ നടത്തുന്നത്. ഈ പഠനപ്രക്രിയയുടെ ഭാഗമായി പ്രാഥമിക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രിയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി ആഘാതബാധിതരായ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയെ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിച്ചിരിക്കുന്ന രീതിയാണ് അവലംബിച്ചത്.

### 3.2 സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനവും, നിർവ്വഹണ പ്ലാൻ തയ്യാറാക്കൽ

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടിവരുന്നത് സാമൂഹ്യവും സാമ്പത്തികവുമായ സുസ്ഥിരതയ്ക്ക് ആഘാതം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മ പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പുള്ള അതേ അവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽ കണ്ടാണ് സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്.

സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ പഠനത്തിന്റെ സമീപനവും പദ്ധതി ശാസ്ത്രവുമാണ് ചിത്രം 3.1ൽ ഫ്ളോചാർട്ട് രൂപത്തിൽ നൽകിയിരിക്കുന്നത്. കൂടാതെ, പഠനത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

## ചിത്രം 3.1 സാമൂഹ്യ പ്രത്യാഘാത പഠന രീതിയും മാർഗ്ഗങ്ങളും

### ഘട്ടം 1 സർവ്വേക്ക് മുമ്പുള്ള പ്രവർത്തികൾ

| സാമൂഹ്യ അവലോകനവും പ്രാഥമിക കൂടിയാലോചനയും | പ്രാഥമിക സർവ്വേയും വാതിൽപ്പുറ ജോലിയുടെ ആരംഭവും |
|---|---|
| • വിശദമായ പദ്ധതി അവലോകനം<br>• പദ്ധതി രൂപരേഖ തയ്യാറാക്കൽ<br>• RFCT in LARR നിയമം 2013<br>• ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സംസ്ഥാന നിയമം | • പ്രാരംഭ പഠനം<br>• തയ്യാറെടുപ്പും സർവ്വേ ഉപകരണങ്ങളുടെ പരിശോധനയും<br>• വിവര ശേഖരണത്തിനായുള്ള സംഘങ്ങളെ കണ്ടെത്തൽ<br>• പ്രഥമ റിപ്പോർട്ടിന്റെ അന്തിമരൂപം നൽകൽ |

### ഘട്ടം 2 വിവര ശേഖരണ രീതിയും നടത്തിപ്പും നിർവ്വഹണ സംവിധാനം

| പദ്ധതി ബാധിത കുടുംബങ്ങൾ/ ജനങ്ങൾ സമൂഹം | പദ്ധതി നടപ്പിലാക്കാനാവശ്യമായ സജ്ജീകരണങ്ങൾ |
|---|---|
| • ഫീൽഡ് സ്റ്റാഫിന് പരിശീലനം നൽകൽ<br>• പദ്ധതി ബാധിത കുടുംബാംഗങ്ങളുമായി നടത്തിയ വിവര ശേഖരണം<br>• ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകൾ | • നിയമപരമായ നയങ്ങളുടെയും നിയന്ത്രണങ്ങളുടെയും വിശകലനം<br>• പുനരധിവാസ പദ്ധതിയെക്കുറിച്ച് സ്ഥലത്തെ ഉദ്യോഗസ്ഥരുമായുള്ള വിശകലനം<br>• വിവരങ്ങളുടെ വിശകലനം<br>• വിവരശേഖരണവും വിശകലനവും പ്രത്യാഘാത വിലയിരുത്തലിന്റെ കരട് രൂപം |

### ഘട്ടം 3 സർവ്വേക്ക് ശേഷമുള്ള പ്രവർത്തികളും വിശകലന രൂപ രേഖയും

| വിവരങ്ങൾ പട്ടിക രൂപത്തിലാക്കുകയും വിശകലന രൂപരേഖയും | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൻമേലുള്ള ആലോചനകൾ |
|---|---|
| • വിവരങ്ങളുടെഏകോപനവും ക്രോഡീകരണവും രേഖപ്പെടുത്തലും<br>• സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ അന്തിമമായ രൂപപ്പെടുത്തൽ<br>• സർവ്വേയിലൂടെലഭിച്ചവിവരങ്ങളുടെ വിശകലനം<br>• കരട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് രേഖ തയ്യാറാക്കലും സമർപ്പിക്കലും | • പബ്ലിക് ഹിയറിങ് സംഘടിപ്പിക്കൽ<br>• സാമൂഹ്യ പ്രത്യാഘാതങ്ങൾ വിലയിരുത്തലിന്റെ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ പദ്ധതി ബാധിത ജനങ്ങളുമായും കൂടിയാലോചിക്കൽ<br>• തൽപര കക്ഷികളുമായി അവരുടെ ആശങ്കകൾ പങ്കുവയ്ക്കൽ<br>• ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകനവും അഭിപ്രായങ്ങളും<br>• അഭിപ്രായങ്ങളുടെ സംയോജനവും അന്തിമസാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ട് സമർപ്പിക്കൽ |

## 3.3 പഠനം സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അദ്ധ്യക്ഷനായ യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷന്റെ ടീം ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലും നടത്തിയ

അനുഭവസമ്പത്തുള്ള 6 പേരടങ്ങുന്ന സംഘമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിനു വേണ്ടിയുള്ള വിവരശേഖരണം ഏകോപനവും നടത്തിയത്. വികസന, നിയമ മേഖലകളിലെ വിദഗ്ദ്ധരുടെ സേവനവും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്തി. കൂടാതെ പ്രത്യാഘാത ബാധിത പ്രദേശങ്ങൾ കണ്ടെത്തുവാൻ റവന്യൂ ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉണ്ടായിരുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാനം, യോഗ്യത, പ്രവർത്തി പരിചയം |
|---|---|---|
| 1. | ജോസ് പരുത്തുവയലിൽ | MSW, Director, 22 വർഷത്തെSIA യൂണിറ്റിൽ പ്രവർത്തിപരിചയം |
| 2. | കുര്യാക്കോസ് ജോർജ് | പ്രൊജക്റ്റ് കോർഡിനേറ്റർ,LLB വികസന മേഖലയിൽ 15 വർഷത്തെ പ്രവർത്തിപരിചയം |
| 3. | ബൈജു പി.ടി | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 4. | സവിത സജീഷ് | റിസർച്ച് അസോസിയേറ്റ്,B.A, വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |
| 5 | ജിനു ജോസഫ് | റിസർച്ച് അസോസിയേറ്റ്, B.Com, I.C.W.വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |
| 6 | മിനി ജിബിഷ് | റിസർച്ച് അസോസിയേറ്റ്,B.A വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |

## 3.4 ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ

മുൻപ് നടത്തിയിട്ടുള്ള പഠനങ്ങളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ തയ്യാറാക്കിയത്. പദ്ധതി ബാധിത പ്രദേശങ്ങളിൽ നടത്തിയ സർവ്വേയിൽ പദ്ധതി ബാധിതരുടെ വിവരങ്ങളും അവിടുത്തെ ജനങ്ങളുടെ ഭൗതികവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ അവസ്ഥകളെക്കുറിച്ച് മനസ്സിലാക്കുവാൻ സാധിച്ചു.

## 3.5 പദ്ധതി ബാധിത പ്രദേശ സന്ദർശനവും പദ്ധതി വിവര പ്രചാരണവും

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിന്റെ വിശദമായ പഠനം ആരംഭിക്കുന്നതിന് മുൻപ് സാമൂഹ്യസാമ്പത്തിക സർവ്വേയുടെ സ്ഥല സന്ദർശനവും പ്രാരംഭ പഠനവും നടത്തി. കൂടാതെ പദ്ധതി ബാധിതരുമായി സംസാരിക്കുകയും അവരുടെ പ്രതികരണങ്ങൾ രേഖ

ഷെടുത്തുകയും ചെയ്തു. അഭിമുഖം സംഭാഷണ ഷെഡ്യൂളിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും സംഘം നടത്തി.

പദ്ധതി പ്രദേശവും ആഘാത ബാധിതരെയുംകണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2020 മാർച്ച്മാസത്തിൽ പ്രാഥമിക വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സാമൂഹ്യ പ്രത്യാഘാത പഠന കരടു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

## പഞ്ചായത്ത് പ്രസിഡന്റുമായി നടത്തിയ കൂടിക്കാഴ്ച



## 3.6 സ്ഥിതി വിവര ക്രോഡീകരണവും പരിശോധനയും

വിശകലനത്തിനും വിലയിരുത്തലിനുമായി ശേഖരിച്ച മുഴുവൻ സ്ഥിതി വിവരങ്ങളും ക്രോഡീകരിക്കുകയും, ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തു. കൂടാതെ ലഭിക്കുന്ന വിവരങ്ങൾ സമയാസമയങ്ങളിൽ ശേഖരിച്ച് ഡാറ്റ പരിഷ്കരിക്കുകയും ചെയ്തു. ഡാറ്റയിൽ പിഴവുകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സംഘങ്ങൾ എടുത്തിരുന്നു.














## പബ്ലിക് ഹിയറിംഗ്

14(1) ൽ ഫോം 5 അനുസരിച്ച് 2020 മാർച്ച് 17-ാം തീയതി പന്തീരങ്കാവ് വ്യാപാരഭവൻഹാളിൽ ഒരു പബ്ലിക് ഹിയറിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുക്കുന്ന ജനങ്ങളുടെ ആശങ്കകളും സംശയങ്ങളും ബന്ധപ്പെട്ട അധികാരികൾ നൽകുന്ന മറുപടിയും അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തും.


## അദ്ധ്യായം 4

# ഭൂനിർണ്ണയം

### 4.1 ആമുഖം

ഇൻഡോ ഷാർജ അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, നിർമ്മാണപദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കാൻ ഭൂമി നഷ്ടപ്പെടുന്ന മുഴുവൻ വ്യക്തികളുടെയും, പ്രത്യാഘാതങ്ങൾ നേരിടേണ്ട വരുന്നവരുടെയും, സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ 2020 മാർച്ച്മാസത്തിൽ പൂർത്തീകരിക്കുകയും ആഘാത ബാധിതമായ വസ്തുവകകൾ, ആയതിന്റെ തരം, ഉടമസ്ഥത സ്വകാര്യ സ്വത്തിന്റെ പ്രത്യാഘാതങ്ങൾ വരുമാനവും ജീവനോപാധികളും, ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. നിർദ്ദിഷ്ട ഇൻഡോ ഷാർജ അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ,പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം സർവ്വേയുടെ സഹായത്താൽ താഴെ ചേർക്കുന്നു.

### വസ്തു വിവര പട്ടിക (നിർദ്ദിഷ്ട പദ്ധതിയുടെ ഭൂപടം)



## 4.2 പദ്ധതി സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതിക്കായി സ്ഥലം വിട്ടുകൊടുക്കുന്നവർക്ക് നഷ്ടപരിഹാരം ലഭിക്കേണ്ടവരുടെ സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതമാണ് പട്ടിക 4.1ൽ ഉള്ളത്.

| ക്രമ നമ്പർ | മേൽവിലാസം | സർവ്വേ നമ്പർ | ഉന്നയിച്ച പ്രശ്നങ്ങൾ/ ആവശ്യങ്ങൾ |
|---|---|---|---|
| 1. | എമ്മെൽ റിയലറ്റേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്<br>ലീല ബാഗ്, അന്ധേരി കുർല റോഡ്, അന്ധേരി ഈസ്റ്റ്, മുംബൈ 400059 | 200/2B, 2B 200/2B 2A | പദ്ധതി പ്രദേശമായി വന്നിരിക്കുന്ന സ്ഥലം (എമ്മെൽ റിയലറ്റേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്) കമ്പനി ഉടമസ്ഥതയിലുള്ളതാണ്. പദ്ധതി പ്രദേശത്ത് 150 തെങ്ങ്, 50 കശുമാവ് മരം, കൂടാതെ 25 മറ്റ് മരങ്ങൾ ഉൾപ്പെടുന്നു. |
| 2 | എൽഎം. റിയലറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്,<br>ലീല ബാഗ്,<br>അന്ധേരി കുർല റോഡ്, അന്ധേരി ഈസ്റ്റ്<br>മുംബൈ - 400059 | 200/2B, 2B | പദ്ധതി പ്രദേശമായി വന്നിരിക്കുന്ന സ്ഥലം (എൽഎം. റിയലറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്) കമ്പനി ഉടമസ്ഥതയിലുള്ളതാണ്.പദ്ധതി പ്രദേശത്ത് 40 തെങ്ങ്, 20 കശുമാവ്, കൂടാതെ 10 മറ്റ് മരങ്ങളും ഉൾപ്പെടുന്നു. |
| 3. | മുത്തൂറ്റ് ബിൽടെക് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് | 200/2B, 2B 200/2C | പദ്ധതി പ്രദേശമായി വന്നിരിക്കുന്ന സ്ഥലം (മുത്തൂറ്റ് ബിൽടെക് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്) കമ്പനി ഉടമസ്ഥതയിലുള്ളതാണ്.പദ്ധതി പ്രദേശത്ത് 5 തെങ്ങ്, 4 മറ്റ് മരങ്ങളും ഉൾപ്പെടുന്നു. കൂടാതെ ഈ പ്രദേശത്ത് ശുദ്ധജല വിതരണ പദ്ധതി സ്ഥിതി ചെയ്യുന്നു. ഏകദേശം 20 കുടുംബങ്ങളിലേക്ക് കുടിവെള്ള വിതരണം നടത്തുന്നുണ്ട്. ഈ ശുദ്ധജല വിതരണ പദ്ധതി മാറ്റി സ്ഥാപിച്ചതിനുശേഷം മാത്രമേ നിക്കം ചെയ്യുകയുള്ളൂയെന്ന് പദ്ധതി ബാധിത സർവ്വെയിലൂടെ അറിയാൻ കഴിഞ്ഞത്. |
| 4. | | 199/13 200/2D | പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന പ്രദേശത്ത് ഈ (199/13,200/2D )സർവ്വേ നമ്പറുകൾ ഉൾപ്പെടുന്നില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. |

## 4.3 പദ്ധതിക്കാവശ്യമായ ഭൂമി

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിൽ 30.35 ഏക്കർസ്ഥലമാണ് കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്നത്. പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്നഈ പ്രദേശത്ത് കുന്നിൻചരിവുകളും ഫലദായകവൃക്ഷങ്ങളും ഉൾപ്പെടുന്നു. കൂടാതെ

ഈ പ്രദേശത്ത് ഏകദേശം 20 കുടുംബങ്ങളുടെ കുടിവെള്ളമെത്തിക്കുന്നതിനുള്ള ശുദ്ധജല വിതരണ പദ്ധതി സ്ഥിതി ചെയ്യുന്നു.

## 4.4 പദ്ധതി ബാധിത പ്രദേശത്തെ ഏറ്റെടുക്കൽ

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിൽ 30.35 ഏക്കർ സ്ഥലമാണ് കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർപദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്നത്. പദ്ധതി ബാധിത പ്രദേശം എമ്മെൽ റിയലേറ്റേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, എൽ.എം. റിയലറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മുത്തൂറ്റ് ബിൽടെക് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, എന്നീ 3 കമ്പനികളുടെ ഉടമസ്ഥതയിലുള്ളതാണ്.

## 4.5 പൊതുഭൂമിയുടെ ആവശ്യകത

കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, നിർമ്മാണവുമായി ബന്ധപ്പെട്ടു വരുന്ന ഭൂമിയിൽ പൊതുഭൂമി ഉൾപ്പെടുന്നില്ല.

## 4.6 പദ്ധതിക്കായി വില കൊടുത്തു വാങ്ങിയിരിക്കുന്ന ഭൂമി

കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ പദ്ധതിക്കായി ഇതുവരെ ഭൂമിയൊന്നും തന്നെ വിലകൊടുത്തു വാങ്ങിയിട്ടില്ല.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കലിനുള്ള നടപടി നിർവ്വഹണം നടക്കുകയുള്ളൂ.

## 4.7 ഭൂപ്രകൃതി, നിലവിലുള്ള ഉപയോഗം, ഭൂമിയുടെ ഘടന

കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ,പദ്ധതിക്കായി ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന ഈ പ്രദേശത്ത് കുന്നിൻചരിവുകളും ഫലദായകവൃക്ഷങ്ങളും ഉൾപ്പെടുന്നു. കൂടാതെ നിലവിൽ ഏറ്റെടുക്കുന്ന പ്രദേശത്ത് ഏകദേശം 20 കുടുംബങ്ങളുടെ കുടിവെള്ളമെത്തിക്കുന്നതിനുള്ള ശുദ്ധജലവിതരണ പദ്ധതി സ്ഥിതി ചെയ്യുന്നു. ഇൻഡോ ഷാർജ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്ററിനു വേണ്ടി ഏറ്റെടുക്കുന്ന ഭൂമി സ്വകാര്യ വ്യക്തികളുടേതല്ല. ഇത് 3 കമ്പനികളുടെ പേരിലുള്ള ഭൂമിയാണ്.

## 4.8 ഉടമസ്ഥതയുടെ സ്വഭാവം

| പട്ടിക 4.2 ഉടമസ്ഥതയുടെ സ്വഭാവം | | |
|---|---|---|
| മാതൃക | എണ്ണം | ശതമാനം |
| പരമ്പരാഗതം | 0 | 0 |
| വിലക്ക് വാങ്ങിയത് | 3 | 100 |
| മറുപടിയില്ല | 0 | 0 |
| ആകെ | 3 | 100 |

## 4.9 സ്ഥലത്തിന്റെ ഉടമസ്ഥാവകാശ കാലയളവ്

| വർഷം | എണ്ണം | ശതമാനം |
|---|---|---|
| 2008-2016 | 3 | 100 |
| ആകെ | 3 | 100 |

ഇൻഡോ ഷാർജ കൺവെൻഷൻ സെന്റർ & എക്സിബിഷൻസെന്റർഏറ്റെടുക്കുന്ന ഭൂമി 2008 - 2016 വരെയുള്ള വർഷങ്ങളിൽ വ്യത്യസ്ത ഭൂവുടമകളിൽ നിന്ന് വ്യത്യസ്ത സർവ്വേ നമ്പരുകളിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ് എമ്മെൽ റിയലേറ്റേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, എൽ.എം. റിയലറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മുത്തൂറ്റ് ബിൽടെക് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, എന്നീ 3കമ്പനികൾ വിലയ്ക്ക് വാങ്ങിയിരിക്കുന്നത്.

## 4.10 പദ്ധതി പ്രദേശത്തെ മുൻകാല വ്യവഹാരങ്ങൾ

വിവരദാതാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ യാതൊരുവിധ ഭൂമി കൈമാറ്റങ്ങളും നടന്നിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്.

(മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പരിശോധനാവേളയിൽ, ബന്ധപ്പെട്ട കക്ഷികൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇവ തെളിയിക്കുന്ന അനുബന്ധ രേഖകൾ പരിശോധിക്കേണ്ടതാണ്.)

## അദ്ധ്യായം 5

# ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

### 5.1 ആമുഖം

പദ്ധതിയുടെ നടത്തിപ്പിൽ പ്രത്യക്ഷമായും പരോക്ഷമായും നേരി ടേണ്ടി വരുന്ന ആഘാതത്തിന്റെ അളവും നഷ്ടപ്പെടുന്ന വസ്തുവകകളുടെ വിലയിരുത്തലുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 5.2 പദ്ധതിയുടെ ആഘാതം പ്രത്യക്ഷത്തിൽ ബാധിക്കുന്നവർ

കോഴിക്കോട് ഇൻഡോ ഷാർജ, അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സി ബിഷൻ സെന്റർപദ്ധതിയ്ക്കുവേണ്ടി30.35ഏക്കർസ്ഥലമാണ് ഏറ്റെടുക്കുന്നത്. നിർദ്ദിഷ്ട പദ്ധ തിയ്ക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്ത് കുന്നിൻചരിവുകളും ഫലദായകവൃക്ഷങ്ങളും ഉൾപ്പെടുന്നു. കൂടാതെ നിലവിൽ ഏറ്റെടുക്കുന്ന പ്രദേശത്ത് ഏകദേശം 20 കുടുംബങ്ങ ളുടെ കുടിവെള്ളമെത്തിക്കുന്നതിനുള്ള ശുദ്ധജലവിതരണ പദ്ധതി സ്ഥിതി ചെയ്യുന്നു. ഈ ഭൂമി ഏറ്റെടുക്കൽ ജലവിതരണത്തെ ബാധിക്കാത്ത രീതിയിലുള്ള ബദൽ മാർഗങ്ങൾ ഏറ്റെ ടുത്ത് നടപ്പിലാക്കേണ്ടതാണ്.

### 5.3 പദ്ധതിയുടെ പരോക്ഷ ഫലങ്ങൾ

ഭൂമി ഏറ്റെടുക്കൽ പ്രത്യക്ഷത്തിൽ ബാധിക്കാത്തവരും എന്നാൽ അവിടെ താമസി ക്കുന്നവരോ ജോലി ചെയ്യുന്നവരോ ആയവരെയാണ് പദ്ധതി പരോക്ഷമായി ബാധിക്കുന്ന വർ എന്ന് കണക്കാക്കുന്നത്,പദ്ധതി ദോഷത്തേക്കാളേറെ ഗുണകരമായതിനാൽ പദ്ധതി പരോക്ഷമായി ബാധിക്കുന്നില്ല.

### 5.4 പട്ടിക വർഗ്ഗക്കാരുടെയോ വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വനനിവാസികളുടെയോ കുടുംബങ്ങളാണോ?

ഇൻഡോ ഷാർജ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ ഏറ്റെടുക്കുന്ന ഭൂമി സ്വകാര്യ വ്യക്തികളുടേതല്ല. ഇത് 3 കമ്പനികളുടെ പേരിലുള്ള ഭൂമിയായതി നാൽനിർദ്ദിഷ്ട പദ്ധതിയ്ക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം പട്ടിക വർഗ്ഗക്കാരുടെയോ വനാ വകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വനവാസികളുടെയോ കുടുംബം ഉൾപ്പെടുന്നില്ല.

## 5.5 ഏറ്റെടുക്കുന്ന സ്ഥലം മൂന്ന് വർഷമായി ഉപജീവനത്തിനായി ആശ്രയിച്ചിരുന്ന കുടുംബങ്ങളാണോ?

ഇൻഡോ ഷാർജ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ ഏറ്റെടുക്കുന്ന ഭൂമി സ്വകാര്യ വ്യക്തികളുടേതല്ല. ഇത് 3 കമ്പനികളുടെ പേരിലുള്ള ഭൂമിയായതിനാൽ നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം മൂന്ന് വർഷമായി ഉപജീവനത്തിനായി ആശ്രയിച്ചിരുന്ന കുടുംബങ്ങളുടേതല്ല

## 5.7 ഏറ്റെടുക്കലിന് മൂന്ന് വർഷമോ അതിലധികമോ മുമ്പായി നഗര പ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങളാണോ?

ഇൻഡോ ഷാർജ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർഏറ്റെടുക്കുന്ന ഭൂമി സ്വകാര്യ വ്യക്തികളുടേതല്ല. ഇത് 3 കമ്പനികളുടെ പേരിലുള്ള ഭൂമിയായതിനാൽനിർദ്ദിഷ്ടപദ്ധതിയ്ക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലംനഗര പ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങൾ ഉൾപ്പെടുന്നില്ല.

## 5.8 ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് പൊതുസ്ഥലത്തെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ

ഇൻഡോ ഷാർജ കൺവെൻഷൻ സെന്റർ & എക്സിബിഷൻസെന്റർഏറ്റെടുക്കുന്ന ഭൂമി സ്വകാര്യ വ്യക്തികളുടേതല്ല. ഇത് 3 കമ്പനികളുടെ പേരിലുള്ള ഭൂമിയായതിനാൽനിർദ്ദിഷ്ട പദ്ധതിയ്ക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടു പൊതുസ്ഥലത്തെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ ഉൾപ്പെടുന്നില്ല.

## 5.9 ഫലദായക വസ്തുക്കളുടെ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ഭൂവുടമകളുടെ സ്ഥലത്ത് കശുമാവ്,തെങ്ങ്, മറ്റ് മരങ്ങൾ നഷ്ടപ്പെടും.

## അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക രൂപരേഖ

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജുകളിൽപ്പെട്ട 30.35 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. പദ്ധതി പ്രദേശം 3 കമ്പനികളുടെ ഉടമസ്ഥതയിലാണുള്ളത്.

1. എമ്മെൽ റിയലേറ്റേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്

2. എൽ.എം. റിയലറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്

3. മുത്തൂറ്റ് ബിൽടെക് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്നീ 3 കമ്പനികളുടെ ഉടമസ്ഥതയിലാണുള്ളത്.

ഈ 3 കമ്പനികളും ബോംബെ രജിസ്ട്രേഷനിലുള്ളതാണ്. 2008 - 2016 വരെയുള്ള വർഷങ്ങളിൽ വ്യത്യസ്ത ഭൂവുടമകളിൽ നിന്ന് വ്യത്യസ്ത സർവ്വേ നമ്പരുകളിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ് കമ്പനികൾ വിലയ്ക്ക് വാങ്ങിയിരിക്കുന്നത്. ഇൻഡോ ഷാർജ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ ഏറ്റെടുക്കുന്ന ഭൂമി സ്വകാര്യ വ്യക്തികളുടേതല്ല. ഇത് 3 കമ്പനികളുടെ പേരിലുള്ള ഭൂമിയായതിനാൽ ജനസംഖ്യാപരമായ വിശദാംശങ്ങൾ, സ്ഥിതി ജീവനോപാധിതമായ കുടുംബങ്ങൾ ,അനുബന്ധ വിവരങ്ങൾ എന്നിവ ഈ പദ്ധതിയിൽ ആവശ്യമായി വരുന്നില്ല.

## അദ്ധ്യായം 7

# സാമൂഹ്യാഘാതത്തിന്റെ ലഘൂകരണം

### 7.1 ആഘാതം കുറയ്ക്കുന്നതിനുള്ള സമീപനം

പ്രസ്തുത പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനുവേണ്ടിയാണ് സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണം ആസൂത്രണം തയ്യാറാക്കിയിരിക്കുന്നത് പ്രധാനമായും നഷ്ടപരിഹാരമായി തൃപ്തികരമായ തുക നൽകാനാണ് വ്യക്തികൾ ആവശ്യപ്പെടുന്നത്. ആയതിനാൽ ഏറ്റെടുക്കുന്ന സ്ഥലത്തിനും വസ്തുവകകൾക്കും നൽകേണ്ട വില ആഘാത ബാധിതരുമായി ചേർന്ന് ചർച്ച ചെയ്ത് തീരുമാനിക്കുകയും, സ്ഥലം ഏറ്റെടുക്കുന്നതിന് മുൻപേ ഈ തുക വിതരണം ചെയ്യുക എന്നതുമാണ് പ്രത്യാഘാത ലഘൂകരണ നടപടിക്കായി നിർദ്ദേശിക്കുന്നത്.

പ്രകൃതി സൗഹൃദമായ വികസനവും, നഗരത്തിന്റെ ആകമാന നന്മയ്ക്കും വേണ്ടി പദ്ധതി ബാധിതരെ ബോധവൽക്കരിക്കുകയും,പദ്ധതി മൂലം ഉണ്ടാകുന്ന പ്രയോജന ങ്ങൾക്ക് ഭാഗമാക്കാൻ ഉതകുന്ന നടപടികൾ സ്വീകരിക്കുന്നത് പ്രത്യാഘാതത്തെ ലഘൂകരി ക്കാൻ സഹായിക്കും.

### 7.2 ആഘാതം ഇല്ലാതാക്കുവാനോ ലഘൂകരിക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 (RFCTLARR Act 2013) നിഷ്കർഷിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം യഥാസമയം നൽകുക.

### 7.3 മരങ്ങൾക്കും മറ്റ് സ്ഥാവര വസ്തുക്കൾക്കുമുള്ള നഷ്ടപരിഹാരം

ഏറ്റെടുക്കുന്ന ഭൂമിയിലെ മരങ്ങൾക്കും മറ്റ് സ്ഥാവര വസ്തുക്കൾക്കും അർഹമായ നഷ്ടപരിഹാരം പുനരധിവാസ പാക്കേജിൽപ്പെടാൻ ഇടനൽകേണ്ടതാണ്.

### 7.4 പദ്ധതി നിർദ്ദേശത്തിലെ നടപടികൾ

ബന്ധപ്പെട്ട സമിതി നഷ്ടപരിഹാര വിതരണത്തിനായി ഒരു പ്രത്യേക ബജറ്റ് വക ഇരുത്തുക.

## 7.5 പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നമ്പർ | ഉണ്ടാകുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘുകരണ നടപടികൾ |
|---|---|---|---|
| 1. | മരങ്ങളുടെ നഷ്ടം | നഷ്ടപരിഹാരവും നിയന്ത്രണവും | മതിയായ നഷ്ടപരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 2. | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം |
| 3. | ശബ്ദം, അന്തരീക്ഷ മലിനീകരണം, ജലമലിനി കരണം, പൊടി എന്നിവ | നിയന്ത്രണം | പ്രത്യാഘാത ലഘുകരണ നടപടികൾ രൂപരേഖയിൽ ഉൾപ്പെടുത്തുക |
| 4. | ഭൂമി ഏറ്റെടുക്കലിലും നഷ്ടപരിഹാര വിതരണത്തിലും ഉണ്ടാകുന്ന കാലതാമസം | ശരിയായ മേൽനോട്ടവും നിയന്ത്രണവും | ഭൂമി ഏറ്റെടുക്കലിന് മുമ്പ് നഷ്ട പരിഹാരം വിതരണം ചെയ്യുക |
| 5 | ജല സ്രോതസുകളുടെ നഷ്ടം | നിയന്ത്രണം | നടപ്പാക്കൽ ഏജൻസി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂഗർഭ ജലപരി പോഷണം ഉറപ്പ് വരുത്തണം |
| 6 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 7. | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മിറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

## അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം

### 8.1 സ്ഥാപന സംവിധാനങ്ങളും ചുമതലപ്പെട്ട വ്യക്തികളും

RFCTLARR നിയമം 2013-ൽ നിർവ്വഹിക്കുന്നതിൻ പ്രകാരം സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും. പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിനെയും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശനത്തിനും നിയന്ത്രണത്തിനും വിധേയമായ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പ്രോജക്ടിനുവേണ്ടിയുള്ള പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും നേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

RFCTLARR നിയമം 2013-ൽ നിർവ്വഹിക്കും പ്രകാരമുള്ള ഉചിതമായ നഷ്ടപരിഹാരം നൽകുന്നത് വഴി നിർദ്ദിഷ്ട പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കാൻ സാധിക്കാത്തതാണ്.

ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീകരിച്ച നിയമത്തിൽ പറയുന്ന പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവയ്ക്കുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന ആളുകളെ ഉൾപ്പെടുത്തേണ്ടതാണ്.

- ജില്ലാകളക്ടർ
- പുനരധിവാസ പുനസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമിയേറ്റെടുക്കൽ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥർ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളാൻ അർത്ഥന അധികാരികളുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രതിനിധികൾ

## അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ബഡ്ജറ്റ്

### 9.1 പുനഃസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ്

പദ്ധതിബാധിത പ്രദേശം പുനസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ് കണക്കാക്കിയിട്ടില്ല.

### 9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

### 9.3 സാമ്പത്തിക സ്രോതസ്സ് തരംതിരിച്ച്

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക സ്രോതസ്സ് തരം തിരിച്ചിട്ടില്ല.

## അദ്ധ്യായം 10

# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി- മേൽനോട്ടവും മൂല്യനിർണ്ണയവും

### 10.1 മേൽനോട്ടവും മൂല്യനിർണ്ണയവും - പ്രധാന സൂചികകൾ

- ഭൂവുടമകളുടെ ജില്ലാതല പർച്ചേസിംഗ് കമ്മിറ്റി മീറ്റിംഗിൽ ഉള്ള പങ്കാളിത്തം
- എത്ര ഭൂവുടമകളിൽ നിന്ന് നേരിട്ട് ഭൂമി വാങ്ങാൻ സാധിച്ചു
- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ
- തടസ്സപ്പെട്ട പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം
- പരാതി പരിഹാര സമിതിയുടെ രൂപീകരണം
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം

### 10.2 റിപ്പോർട്ടിംഗ് രീതിയും മേൽനോട്ടവും കർത്തവ്യങ്ങളും

ബാധകമല്ല

### 10.3 സ്വതന്ത്ര മൂല്യനിർണ്ണയം-രൂപരേഖ

ബാധകമല്ല

## അദ്ധ്യായം -11

# നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥനം ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം

### 11.1. അന്തിമ ഉപസംഹാരം ജനകീയ ലക്ഷ്യങ്ങളുടെ വിലയിരുത്തൽ

കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിലെ ഒളവണ്ണ വില്ലേജിൽ ഉൾപ്പെട്ട 30.35 ഏക്കർസ്ഥലമാണ് കോഴിക്കോട്, ഇൻഡോ ഷാർജ അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. പദ്ധതി ബാധിത പ്രദേശം എമ്മെൽ റിയലേറ്റേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, എൽ.എം. റിയലറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മുത്തൂറ്റ് ബിൽടെക് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്നീ 3 കമ്പനികളുടെ ഉടമസ്ഥതയിലുള്ളതാണ്.

ഇൻഡോ-ഷാർജാ അന്തർദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, ഇരു രാജ്യങ്ങളുടേയും പ്രധാനപ്പെട്ട ചരിത്രബന്ധങ്ങൾ കാലാനുക്രമമായി രേഖപ്പെടുത്തുന്ന ഒരു സംരക്ഷണാലയമാണ്. സംയുക്തപഠന പ്രവർത്തനങ്ങളും സാംസ്കാരിക കൈമാറ്റങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻഡ്യയിലേയും ഷാർജയിലേയും വിദ്യാർത്ഥികൾക്ക് ഗവേഷണ വിശിഷ്ടാംഗത്വം നൽകേണ്ടത് കേന്ദ്രത്തിന്റെ വളർച്ചയ്ക്ക് ആവശ്യമാണ്.പഠനകേന്ദ്രം - അറബി ഭാഷാ - സാഹിത്യകേന്ദ്രം പാണ്ഡിത്യതല്പരും കൗതുകികളുമായവർക്ക് വേണ്ടിയുള്ള ഒരു ശേഖര സമൃദ്ധയായ പഠനകേന്ദ്രം എന്ന നിലയ്ക്ക്, അറബി ഭാഷയും സാഹിത്യവും പഠിക്കുന്നതും തനതായ അറബി കലാരൂപങ്ങളായ് കൈയ്യക്ഷരകല എന്നിവ ആസ്വദിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് പുറമെ, ഇരു രാജ്യങ്ങളിലുമുള്ള സർവ്വകലാശാലകളും പുരാതന വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിൽ പഠന പരിപാടികൾ കൈമാറ്റം ചെയ്യുന്നത് ഉത്സാഹപ്പെടുത്തുകയും ചെയ്യുന്നത് ഈ കേന്ദ്രത്തിന്റെ ലക്ഷ്യമാണ്.

കൂടാതെ, പൗരന്മാർക്കിടയിൽ തീവ്രമായ സാംസ്ക്കാരിക അവബോധം വളർത്തുവാൻ വിദ്യാഭ്യാസ വിദഗ്ദ്ധർക്കും പൊതുജനങ്ങൾക്കും വേണ്ടി, സാംസ്ക്കാരിക സമ്പന്നത വർദ്ധിപ്പിക്കുന്ന വാർഷിക മേളകൾ വിഭാവനം ചെയ്ത്, സംഘടിപ്പിച്ച്, പ്രോത്സാഹിപ്പിക്കുന്നതാണ്.സാമൂഹ്യ- സാംസ്ക്കാരിക - സാമ്പത്തിക കാരണങ്ങളാൽ, അറബി സാഹിത്യം അന്തർദേശീയ തലത്തിൽ വർദ്ധിത പ്രസക്തി ആർജ്ജിച്ചുവരികയാണ്. അറബിപഠനങ്ങൾക്ക് ആഗോള ലഭ്യത നൽകുന്നതിനും സർവ്വകലാശാലകളെ ഉയർന്ന തലത്തിൽ ഗവേഷണ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആധുനിക അധ്യാപന വിദ്യകൾ സ്വായത്തമാക്കു

ന്നതിനും, ഈ സാംസ്ക്കാരികകേന്ദ്രത്തിന് ഒരു അത്യാന്താധുനികകേന്ദ്രമായി പ്രവർത്തിക്കുവാൻ കഴിയും.

നിർദ്ദിഷ്ട പദ്ധതി അനിവാര്യമാണെന്നാണ് പൊതുജന അഭിപ്രായത്തിലൂടെയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ വെളിവാക്കപ്പെടുന്നത്.

നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി സ്വകാര്യ ഉടമസ്ഥതയിലുള്ളതും 2013-ലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഈ നിർമ്മാണ പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കി ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവരുമാണ്.

## 11.2 പ്രത്യാഘാതങ്ങളുടെ സ്വഭാവവും തീവ്രതയും

ഇൻഡോ ഷാർജ അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്ററിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്ത് കുന്നിൻചരിവുകളും ഫലദായകവൃക്ഷങ്ങളും ഉൾപ്പെടുന്നു, കൂടാതെ ശുദ്ധജല വിതരണ പദ്ധതിയും നഷ്ടമാകുന്നു. പദ്ധതി ബാധിത പ്രദേശം 3 കമ്പനികളുടെ ഉടമസ്ഥതയിലുള്ളതാണ്.

ഇതൊരു പൊതുവികസന പ്രവർത്തനത്തിനായതിനാൽ വ്യക്തികൾ സ്ഥലം വിട്ടു നൽകേണ്ടതായി വരുന്നു. ഏതൊരു പൊതുവികസന പ്രവർത്തനത്തിനായും സ്ഥലം ഏറ്റെടുക്കുമ്പോൾ പല വ്യക്തികളെയും പ്രതികൂലമായി ബാധിക്കാറുണ്ട്. ഇത്തരത്തിലുള്ള വികസന പ്രവർത്തനത്തിനായി പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്ന് പോകേണ്ടിവരികയും പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്യുന്നവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഉയർന്ന് വന്നിട്ടുള്ള സംവിധാനങ്ങളിൽ ഒന്നാണ് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനുംസുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 നിഷ്കർഷിച്ചിരിക്കുന്നു. ഇന്ത്യൻ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടക്കുമ്പോൾ അതിലെ പൊതുതാൽപര്യവും സാമൂഹിക ആഘാതവും നിർണ്ണയിക്കണം എന്ന് ഈ നിയമത്തിലെ വകുപ്പ് 4 നിഷ്കർഷിക്കുന്നു.

# സംഗ്രഹം

കോഴിക്കോട് നഗരത്തെ സംബന്ധിച്ചിടത്തോളം, കോഴിക്കോട്, ഇൻഡോ ഷാർജ അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ പദ്ധതി ഒരു നാഴികക്കല്ലാണ്. നിർദ്ദിഷ്ട പദ്ധതിയ്ക്കാവശ്യമായത് 30.35 ഏക്കർസ്ഥലമാണ്. RFCTLARR നിയമം 2013 അനുസരിച്ച് പ്രശ്നബാധിതർക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കുവാൻ ഈ പഠനം സഹായകരമാണ്.

പദ്ധതിയുടെ സാക്ഷാത്ക്കാരത്തിനായി സ്വന്തം വസ്തുവകകൾ ത്യജിക്കേണ്ടതായിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കലിൽഎമ്മെൽ റിയലേറ്റേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്,എൽ.എം. റിയലറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മുത്തൂറ്റ് ബിൽടെക് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്നീ 3 കമ്പനികളുടെ ഭൂമിയുംഫലദായകവൃക്ഷങ്ങളും ഉൾപ്പെടുന്നു, കൂടാതെ ശുദ്ധജല വിതരണ പദ്ധതിയും നഷ്ടമാകുന്നു. തദ്ദേശീയർക്ക് നഷ്ടപരിഹാരാവകാശ നിയമം 2013 പ്രകാരം ന്യായമായ നഷ്ടപരിഹാരം ലഭിക്കേണ്ടത് ആവശ്യമാണ്.

പദ്ധതിയുടെ ഗുണകരമായ വശം പരിശോധിക്കുകയാണെങ്കിൽ കോഴിക്കോട്, ഇൻഡോ ഷാർജ അന്തർദ്ദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർപദ്ധതിക്ക് സ്ഥലമേറ്റെടുക്കൽ അത്യന്താപേക്ഷിതമാണ്. ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സ്ഥലത്തിന്റേയും വസ്തുകകളുടേയും നഷ്ടം പരിഹരിക്കാനാവശ്യമായ വകുപ്പുകൾ നഷ്ടപരിഹാരാവകാശനിയമം 2013-ൽ വേണ്ടുവോളം അടങ്ങിയിട്ടുണ്ട്.